

# കേരളത്തിലെ ഫലസസ്യങ്ങൾ

അഞ്ചാം പതിപ്പ്

ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ



റോസാപ്പൂവിന്റെ സുഗന്ധമുള്ള ചാമ്പ, സ്വർഗത്തിന്റെ വരദാനമായ വാഴ, പഴങ്ങളുടെ റാണിയായ മാങ്കോസ്റ്റിൻ, ഹൈറേഞ്ചിന്റെ പെരുമയായ ഓറഞ്ച്, യൂറോപ്യൻമാരുടെ വിശിഷ്ടഫലമായ സ്ട്രോബറി, മലേഷ്യക്കാരൻ റമ്പൂട്ടാൻ, തേൻകുടമായ പൈനാപ്പിൾ തുടങ്ങി പരമ്പരാഗതമായി കൃഷിചെയ്യുന്നതും അതിഥികളായി എത്തി പ്രാധാന്യം തെളിയിച്ചതുമായ പഴവർഗങ്ങളെക്കുറിച്ചുള്ള പുസ്തകം.

പഴങ്ങളുടെ പോഷക-ഔഷധ മൂല്യങ്ങളും, 'ടൂട്ടിഫ്രൂട്ടി', 'ചമ്പോള', 'ക്രീമാഡി പോൻസിഗ്' മുതലായ പഴങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളും ഈ ഗ്രന്ഥത്തിൽ പരാമർശവിധേയമായിരിക്കുന്നു.

വില: ₹ 70/-
SIL - 4707
ISBN978 81-200-4707-5
9788120047075
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

278

# കേരളത്തിലെ ഫലസസ്യങ്ങൾ

ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ

2073

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2073 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**Keralathile Phalasasyangal**
(Fruit Plants of Kerala)
*by*
**G.S. Unnikrishnan Nair**

*First Published* : May 2005
*Second Edition* : March 2008
*Third Edition* : February 2012
*Fourth Edition* : September 2016
*Fifth Edition* : October 2019

*Reset at:*
SIL-DTP Section

*Printed at:*
Vijnanamudranam Press
Nalanda, Thiruvananthapuram-695 003

*Published by:*
The State Institute of Languages, Nalanda,
Thiruvananthapuram - 695 003
☎0471-2316306, 2314768

© The State Institute of Languages,
Kerala, Thiruvananthapuram, 2005

*Copies :* 1000

*Price:* **Rs. 70/-**

**SIL / 4707**

**ISBN 978-81-200-4707-5**

Published under the centrally sponsored scheme for production of text books and literature in regional languages, at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.

# കേരളത്തിലെ ഫലസസ്യങ്ങൾ

(അഞ്ചാം പതിപ്പ്)

**ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

**ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ**

1964-ൽ തിരുവനന്തപുരത്ത് ജനനം. കൃഷിശാസ്ത്രത്തിൽ ബിരുദവും പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന കൃഷിവകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ.

2000-ലേറെ ലേഖനങ്ങളും 40 ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ നാഷണൽ സയൻസ് കമ്മ്യൂണിക്കേഷൻ അവാർഡ്, വിഗ്യാൻ പ്രസാർ നടത്തിയ ദേശീയ ശാസ്ത്ര ചലച്ചിത്ര മേളയിൽ ബ്രോൺസ് ബീവർ അവാർഡ് (2 തവണ), കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം നടത്തിയ ഗ്രന്ഥരചനാ മൽസരത്തിൽ പുരസ്കാരം, വിഗ്യാൻ പ്രസാർ സംഘടിപ്പിച്ച ദേശീയ കെമിസ്ട്രി ഫോട്ടോഗ്രാഫി മൽസരത്തിൽ മൂന്നാം സ്ഥാനം എന്നീ ദേശീയ തലത്തിലുള്ള അംഗീകാരങ്ങളും സംസ്ഥാന ശാസ്ത്ര സാഹിത്യ പുരസ്കാരം, കാർഷിക പത്രപ്രവർത്തക അവാർഡ്, ഭീമാ ബാലസാഹിത്യ അവാർഡ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് (2 തവണ), ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഇലക്ട്രോണിക മാധ്യമ പുരസ്കാരം, കൊടുങ്ങല്ലൂർ ബാലസാഹിത്യ സമിതിയുടെ പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര സ്മാരക അവാർഡ്, UNEP, ഓർഗാനിക് ബി.പി.എസ് എന്നിവ സംഘടിപ്പിച്ച ദേശീയ പരിസ്ഥിതി കഥാമൽസരത്തിൽ മൂന്നാം സ്ഥാനം എന്നീ സംസ്ഥാനതല അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

| | | |
|---|---|---|
| *ജനറൽ എഡിറ്റർ* | : | ***പ്രൊഫ. വി. കാർത്തികേയൻ നായർ*** |
| *എഡിറ്റർ* | : | ***വിദ്യ. എസ്*** |
| *കവർ ഡിസൈൻ* | : | ***കെ. രാജേഷ്*** |
| *General Editor* | : | **Prof. V. Karthikeyan Nair** |
| *Editor* | : | **Vidya. S** |
| *Cover Design* | ; | **K. Rajesh** |

# ആമുഖം

അനുകൂലമായ കാലാവസ്ഥയും അനുയോജ്യമായ മണ്ണും കേരളത്തെ ഫലസമൃദ്ധിയുടെ നാടായി മാറ്റി. പോഷകങ്ങളുടെ കലവറയായ വ്യത്യസ്തയിനം മാമ്പഴങ്ങൾ, ചക്കപ്പഴം, വാഴപ്പഴം, പപ്പായ, സപ്പോട്ട, കൈതച്ചക്ക തുടങ്ങിയവയൊക്കെ നമ്മുടെ നാട്ടിൻപുറങ്ങളിൽ മിതമായ വിലയ്ക്ക് സുലഭമായിരുന്നു. എന്നാൽ നാണ്യവിളകളുടെ കടന്നുകയറ്റംമൂലം പഴങ്ങളുടെ മധുരവും ഫലവൃക്ഷങ്ങളുടെ തണലും ഗൃഹാതുരത്വം ഉണർത്തുന്ന ഓർമയായി മാറിയിരിക്കുന്നു. കേരളത്തിന്റെ തനതു സംസ്കാരത്തിന്റെ സംരക്ഷണത്തിനും ആരോഗ്യകരമായ ജീവിതത്തിനും ഇവയുടെ തിരിച്ചുവരവ് അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ഒരു പ്രദേശത്തിന്റെ കാർഷികവരുമാനം അവിടുത്തെ സാമ്പത്തികഭദ്രതയുടെ അടയാളം കൂടിയാണ്. അൻപതോളം ഫലവൃക്ഷങ്ങളുടെ കൃഷിരീതിയും ഫലങ്ങളുടെ ഉപയോഗവും വിശദമായി വിവരിക്കുന്ന 'കേരളത്തിലെ ഫലസസ്യങ്ങൾ' എന്ന ഈ ഗ്രന്ഥത്തിന്റെ അഞ്ചാം പതിപ്പ് കൃഷിയെ സ്നേഹിക്കുന്ന എല്ലാ മലയാളികൾക്കും വേണ്ടി പ്രസിദ്ധീകരിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നാളന്ദ, തിരുവനന്തപുരം
ഒക്ടോബർ, 2019

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**വിദ്യ. എസ്**

വെള്ളായണി കാർഷിക കോളെജിലെ പോമോളജി ആൻഡ് ഫ്ളോറികൾച്ചർ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സി. എസ്. ജയചന്ദ്രൻ നായർ പുസ്തകത്തിൻെറ കൈയെഴുത്തു പ്രതി പരിശോധിച്ച് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിനു നന്ദി.

കർഷകരെ പഴക്കൃഷിയിലേക്ക് ആകർഷിക്കാനും വാണിജ്യ ഉൽപ്പന്നങ്ങൾ നിർമിക്കാനും ഈ ഗ്രന്ഥം പ്രേരിപ്പിക്കുമെന്ന് കരുതട്ടെ. പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും സ്വാഗതം ചെയ്തുകൊണ്ട് കൃഷിപുസ്തക കോർണർ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പുസ്തകം ഞങ്ങൾ സസന്തോഷം പ്രസാധനം ചെയ്യുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
മെയ് 2005

**ഡോ. രാജൻ വർഗീസ്**
**കെ.പി. അനിൽ**

## ഉള്ളടക്കം


വാഴ ........ 1
മാവ് ........ 13
പ്ലാവ് ........ 23
പപ്പായ ........ 26
പേര ........ 32
പൈനാപ്പിൾ ........ 36
സപ്പോട്ട ........ 41
നെല്ലി ........ 44
ചെറുനാരകം ........ 46
ഞാവൽ ........ 50
പുളിഞ്ചി ........ 52
അത്തി ........ 54
സീതപ്പഴം ........ 56
രാമപ്പഴം ........ 58
മുള്ളാത്ത ........ 59
ലവലോലി ........ 61
തണ്ണിമത്തൻ ........ 62
ഒടിച്ചുകുത്തി നാരകം ........ 64
ഗണപതി നാരകം ........ 65
വെസ്റ്റിന്ത്യൻ ചെറി ........ 66
പുളിനെല്ലി ........ 68

പാഷൻ ഫ്രൂട്ട് ........ 70
ചാമ്പ ........ 72
ശീമചാമ്പ ........ 73
കാര ........ 75
മുട്ടപ്പഴം ........ 76
മാതളം ........ 77
ശീമപ്ലാവ് ........ 80
അയണി ........ 82
മങ്കോസ്റ്റിൻ ........ 83
റമ്പൂട്ടാൻ ........ 85
മധുരപുളിഞ്ചി ........ 87
സുറിനാം ചെറി ........ 89
കരോണ്ട ........ 90
ഇലന്ത ........ 92
കുളമാവ് ........ 94
വ്ളാങ്ക ........ 95
കാട്ടീന്ത ........ 96
കറിനാരകം ........ 97
ബംബ്ലിമാസ് ........ 98
വെണ്ണപ്പഴം ........ 99
സ്ട്രോബറി ........ 101
മന്താരിൻ ഓറഞ്ച് ........ 103
ആപ്പിൾ ........ 106
ദുരിയാൻ ........ 109
ഫലസസ്യങ്ങളുടെ നടീൽവസ്തുക്കൾ
ലഭിക്കുന്ന കേന്ദ്രങ്ങൾ ........ 112

# *വാഴ*

## (മൂസ സ്പീഷിസ്)

നമ്മുടെ ജീവിതവും സംസ്കാരവുമായി ഏറെ ബന്ധപ്പെട്ട ഒരു ഫലവർഗസസ്യമാണ് വാഴ. കുടുംബം മൂസേസി. വാഴയുടെ ശാസ്ത്ര നാമമായ 'മൂസ പാരഡിസിയാക്ക' എന്ന വാക്കിന്റെ അർഥം സ്വർഗതരു എന്നാണ്. മനുഷ്യൻ ആദ്യമായി കൃഷിചെയ്ത വിളകളിലൊന്നുമാണ് വാഴ. ഭാരതത്തിൽ വാഴപ്പഴത്തിന്റെ പ്രതിശീർഷ ഉപഭോഗം 50 കിലോ ഗ്രാമുള്ളപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ ഇത് 275 കിലോഗ്രാമാണ്. മറ്റു സംസ്ഥാനങ്ങളിലുള്ളവരെ അപേക്ഷിച്ച് വാഴപ്പഴം കൂടുതൽ കഴി ക്കുന്നവരാണ് മലയാളികൾ. കേരളത്തിലുള്ളത്ര വൈവിധ്യമാർന്ന വാഴ യിനങ്ങൾ മറ്റൊരു സംസ്ഥാനങ്ങളിലും കാണുന്നുമില്ല. കേരളത്തിൽ തനിവിളയായും തെങ്ങിൻതോട്ടങ്ങളിലും മറ്റും ഇടവിളയായും വാഴക്കൃ ഷിക്ക് ഇനിയും സാധ്യതയുണ്ട്.

### വാഴ ഇനങ്ങൾ

കേരളത്തിലെ വാഴഇനങ്ങളെ നേന്ത്രൻ ഇനങ്ങൾ, കാവൻഡിഷ് ഇനങ്ങൾ, കറിവാഴ ഇനങ്ങൾ, പഴയിനങ്ങൾ, ജാമിനും മറ്റും പറ്റിയ ഇനങ്ങൾ എന്നിങ്ങനെ അഞ്ചായി തരംതിരിക്കാം.

### 1. നേന്ത്രൻ ഇനങ്ങൾ

നേന്ത്രൻ, നേന്ത്രന്റെ വകഭേദങ്ങളായ നെടുനേന്ത്രൻ, ചെങ്ങാലി ക്കോടൻ, സാൻസിബാർ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. കേരള ത്തിൽ ഏറ്റവും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നതും ഏറ്റവും വാണിജ്യ സാധ്യതയുള്ളതുമായ ഇനമാണ് നേന്ത്രൻ. നല്ല പരിചരണ ത്തോടെ തനിവിളയായി കൃഷി ചെയ്യുമ്പോൾ 9 മാസം കൊണ്ട് നേന്ത്രൻ വിളവെടുക്കാറാകുന്നു. സാൻസിബാറിന്റെ കുലയിൽ മൂന്നോ നാലോ പടലകളേ ഉണ്ടാവുകയുള്ളൂ. നേന്ത്രനേക്കാൾ മൂപ്പ് കൂടുത ലാണ്. നേന്ത്രൻ വിഭാഗത്തിൽപ്പെട്ട രണ്ടു വിദേശ വാഴയിനങ്ങളാണ് 'ബിഗ് എബാംഗയും' 'നോക്ക് കോണും'. നോക്ക്കോണിന്റെ കുലയ്ക്ക്